

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിൽത്തുന്നതിന് ആവശ്യമായ അക്കാദമി ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാന്റ് പ്രധാന ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ വിദ്യാലയ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാവുമെന്ന് ഉറപ്പാണ്

എല്ലാ വിദ്യാഭ്യാസ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന വേളം എംഡി എൽപി സ്കൂൾ സജീവമായ പിടിഎ എം പി ടി എ അധ്യാപക സംഘം രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സംരക്ഷണത്തോടെയും സഹകരണത്തോടെയും പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ഗ്രന്ഥ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കുന്നതും പ്രാവർത്തികമാക്കുന്നതും.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമി മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശങ്ങൾ നേടിയെടുക്കുന്നതിനായി എല്ലാതരത്തിലും പ്രയത്നിച്ചു മുന്നേറും എന്ന് അഭിമാനത്തോടെയും ആത്മവിശ്വാസത്തോടെയും ഉറപ്പു നൽകുന്നു.

**പൊതുലക്ഷ്യങ്ങൾ**

1. അക്കാദമിക പരമായും കലാകായിക പരമായും വിദ്യാലയത്തെ മുൻനിരയിൽ എത്തിക്കുക
2. സ്കൂളിൽ എത്തുന്ന ഓരോ കുട്ടിയും അതാത് ക്ലാസുകളിൽ നേടേണ്ട പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
3. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകൾ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക
4. അടിസ്ഥാനം ഗണിതശയങ്ങൾ ചതുഷ്ക്രിയകൾ എന്നിവ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക
5. ഓരോ ദിനാചരണങ്ങളുടെയും പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടുള്ള പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
6. കുട്ടികളുടെ കഴിവ് അഭിരുചി എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും പരിശീലനവും നൽകുക
7. ആധുനിക സാങ്കേതിക വിദ്യകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുക. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടിക്ക് ഉറപ്പുവരുത്തുക
8. ഓരോ ക്ലാസിലും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ മുൻകൂട്ടി ക്ലാസിൽ പ്രദർശിപ്പിക്കും
9. ഓരോ ക്ലാസിലെയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പിന്തുണ ക്ലാസുകൾ സംഘടിപ്പിക്കും
10. ആശയപ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും
11. ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ വിവിധ ബോധവൽക്കരണ ക്ലാസുകൾ നൽകുക
12. കലാകായിക മേഖലകളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പിന്തുണയും പരിശീലനവും നൽകി പുരോഗതിയിൽ എത്തിക്കും
13. എൽപി സ്കൂളിലെ പൊതു പരീക്ഷയായ എൽ എസ് എസ് സ്കോളർഷിപ്പ് നേടാൻ മികച്ച രീതിയിൽ പരിശീലനം നൽകും
14. കുട്ടികൾക്ക് കമ്പ്യൂട്ടർ സ്വതന്ത്രമായി നിർഭയമായും ഉപയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കും
15. പ്രാദേശിക പഠന വിഭവങ്ങൾ പരമാവധി ഉപയോഗപ്പെടുത്തും
16. മാലിന്യമുക്ത വിദ്യാലയം, പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് തുടങ്ങിയവർ കൃത്യമായി നടപ്പിലാക്കും.
17. സ്കൂൾ പച്ചക്കറിത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘടനകസ്കൂൾ പച്ചക്കറിത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കും
18. ജനാധിപത്യ പ്രക്രിയ സംവിധാനങ്ങൾ കുട്ടികളെ പരിചയപ്പെടുത്തും.

**അക്കാദമിക ഭൗതിക നേട്ടങ്ങൾ പരിമിതികൾ**

**നേട്ടങ്ങൾ**

. അക്കാദമിക് പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപകർ
. സ്കൂളിന് എല്ലാ പിന്തുണയും നൽകുന്ന മികച്ച ഒരു മാനേജ്മെന്റ്
. സ്മാർട്ട് ക്ലാസ് റൂം
. മികച്ച ലൈബ്രറി
. പഞ്ചായത്ത് സബ് ജില്ലാ തലങ്ങളിൽ നടക്കുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുത്തു മികച്ച പ്രകടനം കാഴ്ചവെക്കുന്ന കുട്ടികൾ
. ഇരുനില കോൺക്രീറ്റ് കെട്ടിടം
.ശ്രദ്ധ പഠന പരിപോഷണ പദ്ധതി
.സംയുക്ത ഡയറി എഴുത്ത് മികച്ച രീതിയിൽ നടത്തുന്നു
.സർഗാത്മക വേദികൾ ജനാധിപത്യ വേദികൾ പ്രോത്സാഹിപ്പിക്കുന്നു

**പരിമിതികൾ**

. കുട്ടികൾക്ക് കളിക്കാൻ കളി സ്ഥലമില്ല
. ഐടി പഠനം കാര്യക്ഷമമായി നടക്കുന്നതിന് എല്ലാ ക്ലാസുകളിലും പ്രോജക്ട് ഇല്ല
. ഭാഷാശേഷി ഗണിതശേഷി എന്നിവ എല്ലാ കുട്ടികൾക്കും കൈവരിക്കാൻ സാധിച്ചിട്ടില്ല
. ലാബ് ലൈബ്രറി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്
. കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ് IT പഠനത്തെ സാരമായി ബാധിക്കുന്നു
. കുട്ടികളിലെ പഠന പിന്നോക്കം പരിഹരിക്കപ്പെടേണ്ടതുണ്ട്
. ടോയ്‌ലറ്റ് സൗകര്യം മെച്ചപ്പെടേണ്ടതുണ്ട്

# ഒന്നാം ക്ലാസ്

**ആമുഖം**

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകനും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്രമായ രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്.ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം സ്വായത്തമാക്കണം.
ഈ അധ്യായന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനം സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും വിലയിരുത്തല്ലിനും സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക
2. എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
3. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
4. ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്ന വായിക്കുന്നു.
5. തീയറ്റർ സാധ്യതകൾ വായനാകേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക്
6. ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതുന്നു.
7. പാട്ടരങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു
8. കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു

**ജൂൺ**

- കൊളാഷ് നിർമ്മാണം
- ചിത്ര കാർഡുകൾ വായന കാർഡുകൾ നിർമ്മാണ ശില്പശാല
- CPTA
- നിറം നൽകാൻ അവസരം ഒരുക്കൽ
- കഥകൾ ചിത്രങ്ങൾ വഴിയും ഡിജിറ്റൽ മാർഗ്ഗത്തിലൂടെയും നൽകൽ
- അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരണം
- വായനോത്സവം
- ക്ലാസ്സ് വീട് ഒരു വായനക്കൂട് പദ്ധതി
- സംയുക്ത വായന

**ജൂലൈ**

- വായനാ മൂല ഒരുക്കൽ
- ക്ലാസ് ലൈബ്രറി നവീകരണം രക്ഷിതാവിന്റെ സഹായത്തോടെ
- വായനോത്സവം
- സംയുക്ത ഡയറി ക്ലാസ് പിടിയിൽ പരിചയപ്പെടുത്തുന്നു രക്ഷിതാവിന്റെ സഹായത്തോടെ എഴുതുന്നു
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
- അക്ഷരപ്പാട്ടുകൾ അക്ഷരപ്പാട്ടുകൾ
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു വാചികമായി പറയാൻ അവസരം ഒരുക്കുന്നു.

**ഓഗസ്റ്റ്**

ഓഗസ്റ്റ്

- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ
- റീഡേഴ്സ് തിയേറ്റർ പാട്ടരങ്ങ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്യുന്നു
- CPTA സംയുക്ത ഡയറി അനുഭവം പങ്കുവയ്ക്കൽ
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര കാർഡുകൾ തയ്യാറാക്കിയ അവതരണം
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ

• ആശയഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.
• ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കൽ.

**സെപ്റ്റംബർ**
• രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകൽ
• ചിത്രകാർഡ്കൾ നൽകി വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
• ചെറിയ ചെറിയ വാക്യങ്ങളുടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
• അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.

**ഒക്ടോബർ**
• CPTA, പാദ വാർഷിക
• മൂല്യനിർണയം  അവലോകനം.
• വായനോത്സവം സംഘടിപ്പിക്കൽ
• കുട്ടി കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്ക് സംഘമായി അവതരിപ്പിക്കുന്നു.
• ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.
• രചനോത്സവം

**നവംബർ**
• സംയുക്ത ഡയറി കൂടുതൽ വാക്യഘടനയിൽ എഴുതി ചേർക്കൽ.
• കൂട്ടവായന,കുട്ടിക്കൂട്ടങ്ങൾക്ക് ചെറിയ വയനാകർഡുകൾ ബാലസാഹിത്യങ്ങൾ ഉപയോഗിച്ച് പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
• ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ സാധിക്കുന്നു.
• ക്ലാസ് പത്രം രൂപപ്പെടുത്തുന്നു
• പത്രവായന
• പാട്ടരങ്ങ്

**ഡിസംബർ**
• കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു
• രചനശേഷി പരിപോഷിപ്പിക്കൽ
• ചെറുവിവരണങ്ങൾ കുട്ടി സ്വന്തമായി തയ്യാറാക്കൽ
• എന്റെ വായന സമ്മാനം പുസ്തകം പിറന്നാളിന് ലൈബ്രറി നൽകൽ
• ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതൽ
• ലഘു കവിതകൾ കഥകൾ എഴുതാൻ ശ്രമിക്കുന്നു
ജനുവരി
• കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം
• സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.
• തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് സ്വന്തമായ വായന
• ഇ-വായന സാധ്യത കണ്ടെത്തൽ, ICT സാധ്യത ഉറപ്പാക്കൽ.
ഫെബ്രുവരി
• ലഘു വീഡിയോ പ്രദർശിപ്പിച്ച് അതിൽനിന്നും ചോദ്യങ്ങളിലൂടെ പങ്കാളിത്ത പാഠങ്ങൾ നിർമ്മിക്കുന്നു.
• ഭാഷോത്സവം രചനോത്സവം ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പാക്കൽ
• കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു (കുഞ്ഞെഴുത്ത്)
• സംയുക്ത ഡയറി ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. PTA മീറ്റിങ്ങിൽ പ്രദർശനം നടത്തുന്നു.

**മാർച്ച്**
• വായനയെ പരിപോഷിപ്പിക്കാൻ വിവിധ പ്രവർത്തനങ്ങൾ ഒരുക്കുന്നു ( വീട്ടു വായന, കൂട്ടുവായന, സ്വന്തം വായന, അമ്മ വായന,ചങ്ങല വായന)
• രക്ഷിതാവിന്റെ സഹായത്തോടെ പതിപ്പുകൾ കയ്യെഴുത്ത് മാസിക തയ്യാറാക്കൽ നവമാധ്യമങ്ങളിലും പിടിഎ മീറ്റിങ്ങിലും പ്രദർശനം ഒരുക്കൽ .
• പാട്ട് അരങ്ങ്

# ENGLISH

## INTRODUCTION

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read write and speak English.Every child should be able to speak English fluently like Malayalam.we have to keep the language English close to our heart.

**Objectives and learning Outcomes**

- Respond to simple instructions in therespond to simple instructions in the classroom
- Describe orally about the pictures and objects.
- familiaries with simple words.
- Enjoy songs and sings the rhythm and action
- families the names of birds animals their young ones and identify them from pictures.
- To speak read and write English without any mistakes.

**June**

- Introduce simple words
- Provides picture cards

**July**

- Identify familiar words.
- Say familiar words.
- Read familiar words
- Write familiar words

**August**

- Enjoy songs and sings them with Rhythm and action
- Describe orally about pictures and objects using adjectives.

**september**

- Read and write simple words simple sentence.
- provides picture cards and reading cards.

**October**

- Introduce simple picture descriptions.
- Make word chain sentence chain.
- make riddles.
- describing words rhyming words.
- text book activities

**November**

- prepare reading cards.
- provide more opportunities to read write and speak English.
- write five English words daily.
- One day one word

**December**

- Read and understand simple instruction in the classroom.
- Encourage digital reading.

**January**

- Enjoy songs and sings them with Rhythm and action.
- Make a picture albums.
- collect pictures vehicles animals birds etc

**February**

- provide the opportunity to express myself in the classroom.
- English assembly once in a week.

**March**

- speaks English fluently.
- read and write Simple sentences
- picture reading and picture descriptions

## ഗണിതം

### ആമുഖം

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിത പ്രവർത്തനങ്ങൾ രസകരമായി കുട്ടി നേടിയെടുക്കേണ്ടതുണ്ട്.
ഗണിത പ്രവർത്തനങ്ങൾ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണല്ലോ ഭാഷയിലും ശാസ്ത്രത്തിലും മറ്റു ഇതര പ്രവർത്തനങ്ങളിൽ അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിൻതള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കേണ്ടത് നമുക്ക് ആവശ്യമാണ്. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ് പലതരത്തിൽ ഗണിതശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

**ലക്ഷ്യങ്ങൾ**

- പ്രാഗ് ഗണിതാശയങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ5 വരെയുള്ള സംഖ്യകൾ തിരിച്ചറിഞ്ഞ എഴുതുന്നു
- 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- പകുതിയാക്കാൻ പറ്റുന്ന സംഖ്യകളും അല്ലാത്തവയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു (2,4/3,5)
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ശേഖരിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ആരോഹണ അവരോഹണ ക്രമത്തിൽ ആക്കൽ.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം (3+5=8)
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം (5-3=2)
- ഒരക്കസംഖ്യ വ്യാഖ്യാനം
- 2+2+1=5
- 3+2=5
- 2+3=5
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും (1-20)ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.

**ജൂൺ**

- CPTA
- ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു.
- മഞ്ചാടി സഞ്ചിയിലേക്ക് ആവശ്യമായ സാധനങ്ങൾ ശേഖരിക്കൽ
- കുഞ്ഞു പുസ്തകം നിർമ്മാണം .

**ജൂലൈ**

- സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.(1-5)
- സംഖ്യാ കാർഡ് നിർമ്മാണം *കുഞ്ഞുപുസ്തകം നിർമ്മാണം.
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- വർക്ക് ഷീറ്റുകൾ നൽകൽ

**ഓഗസ്റ്റ്**

- 6-10 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ.
- കൂടുതൽ കുറവ് തിരിച്ചറിയൽ.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

**സെപ്റ്റംബർ**

- 11-20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ
- 11 നോട് ഒന്ന് കൂട്ടിയാൽ അടുത്ത സംഖ്യ കിട്ടും എന്ന് തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ
- 10+1=11
- 10+2=12
- 10+3=13

**ഒക്ടോബർ**

- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ
- ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക് ഷീറ്റുകൾ നൽകൽ. *

**നവംബർ**

- കളികളിലൂടെയും ചിത്രീകരണത്തിലൂടെയും സങ്കലന വ്യവകലന ക്രിയകളിൽ ഏർപ്പെടുന്നു.
- രണ്ട് സംഖ്യകൾ കൂട്ടുന്ന ക്രിയയെ +ചിഹ്നം പരിചയപ്പെടുത്തുന്നു.
- മഞ്ചാടി സഞ്ചിയിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിലെ ഏർപ്പെടുന്നു
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

**ജനുവരി - മാർച്ച്**

- ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു
- വില വിവരപ്പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങൾ ഏർപ്പെടുന്നു
- സംഖ്യകളുടെ പകുതി തുല്യ എന്നിവ തിരിച്ചറിയുന്നു

## രണ്ടാം ക്ലാസ്

**ആമുഖം**

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് " ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക .തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

**ലക്ഷ്യങ്ങൾ**

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം,വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഗണിത ക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു ,എഴുതുന്നു. (100 ൽ താഴെ)
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗികഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

**മുന്നൊരുക്കം**
- ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

**പ്രവർത്തന ലക്ഷ്യം**
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ

**ജൂൺ**
- 1, 2, 3, 4 ......
  1,3,5,7....
  10,20,30,40,....
  5,10,15,20....
  2,4,6,8.... തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ
- ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും ,1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ .

**ജൂലൈ**
- ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
- ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ
- പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ

(5+5 = 10, 10+10= 20)

**ആഗസ്റ്റ്**
- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രതേകതകൾ കണ്ടെത്തൽ

99 നോട് 1 കൂട്ടിയാൽ 100
10 പത്തുകൾ ചേർന്നാൽ 100 ആകും
100 ഒന്നുകൾ ചേർന്നതാണ് 100
- ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതാശയ തലങ്ങളിൽ ഉൾപ്പെടുത്താനുള്ള കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തൽ

**സെപ്റ്റംബർ**
- ഗണിത ക്കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
- വിലവിവരപട്ടിക തയ്യാറാക്കൽ
- ക്ലാസിലൊരുകട സ്കൂളിലൊരു കട.ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

**ഒക്ടോബർ**
- രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു
- സങ്കലന വ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ
- സംഖ്യാ പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)

5...10.... 15.... 20... 25
(5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

**നവംബർ**
- സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
- പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ
- "ക്ലാസിനൊരു " കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ
- നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ

10 രൂപ +5 രൂപ = 15 രൂപ
നോട്ട് നാണയം

**ഡിസംബർ**
- സംഖ്യാബോധം തിരിച്ചറിവിൽ- സംഖ്യാ വ്യാഖ്യാനം ഉറപ്പാക്കൽ.
- സ്ഥാന വില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമിക്കൽ)
- രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി**
- വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
- പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

**ഫെബ്രുവരി**
- ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ
- ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ. ഗണിത പഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ

**മാർച്ച്**
- കലണ്ടർ പതിപ്പ് തയ്യാറാക്കൽ
- കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ
- കലണ്ടർ സംഖ്യാ ബന്ധങ്ങൾ പാറ്റേണുകൾ രൂപീകരിക്കൽ
- കലണ്ടർ നോക്കി സംഖുകൾ താരതമ്യം ചെയ്യൽ.
- ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

**English**
Aim . : To speak, Read, & write English without any mistakes
Time - June ,July, August
June
Pretest
To develop listening skills & reading skills first
Listening skills
Games, Action songs Hello English activities,2 conversations, skit stories
Use ICT
Speaking skills
Descriptions, growing sentences , picture reading, picture description self introduction Assembly activities- speech , book review, quiz riddles,self introduction. School radio etc
July & August
Reading skills
News paper reading, library books reading, book review, reading breaking news, find words. collect and read past tense,rhyming words, describing words etc Textbook activities
Writing skills
Make word web, picture description, word chain sentence chain, make words,& sentences make riddles, conversations, Add more lines , develop story, description , notice proclamation, diary letter Announcement, magazines

**ആമുഖം**
പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കുന്നതിന്റെ ഭാഗമായി, മൂന്നാം ക്ലാസ്സിലെ കുട്ടികളിൽ ഭാഷാപരമായ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നിവയിൽ ഊന്നൽ നൽകുന്നു. ഓരോ കുട്ടിയുടെയും തനതായ കഴിവുകളും ശേഷികളും പരിഗണിച്ച്, സന്തോഷകരമായ ഒരു പഠനാന്തരീക്ഷം ഒരുക്കുകയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ലക്ഷ്യമിടുന്നത്. എല്ലാ വിഷയങ്ങളിലും അടിസ്ഥാന നൈപുണികൾ നേടുന്നതിലൂടെ, ഓരോ കുട്ടിയെയും മികച്ചവരാക്കി മാറ്റുക എന്നതാണ് പ്രധാന ലക്ഷ്യം.

പൊതു ലക്ഷ്യങ്ങൾ
• മലയാളം: കുട്ടികളെ അക്ഷരസ്ഫുടതയോടെയും തെറ്റുകൂടാതെയും വായിക്കാനും, വിവിധ വ്യവഹാര രൂപങ്ങൾ (പോസ്റ്റർ, കുറിപ്പ്, കത്ത്) സ്വന്തമായി എഴുതാനും പ്രാപ്തരാക്കുക.
• ഗണിതം: 999 വരെയുള്ള സംഖ്യാബോധം, അടിസ്ഥാന ക്രിയകളായ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ നിത്യജീവിതവുമായി ബന്ധപ്പെടുത്തി മനസ്സിലാക്കാൻ സഹായിക്കുക.
• പരിസരപഠനം: നമ്മുടെ ചുറ്റുപാടിനെയും ജൈവവൈവിധ്യത്തെയും കുറിച്ച് അവബോധം സൃഷ്ടിക്കുക, പ്രകൃതിസംരക്ഷണത്തിലും വ്യക്തിശുചിത്വത്തിലും താല്പര്യം വളർത്തുക.
• English: ഇംഗ്ലീഷ് അക്ഷരമാലയും ലളിതമായ വാക്കുകളും പഠിക്കാനും, ക്ലാസ് മുറിയിൽ ലളിതമായ ആശയവിനിമയത്തിന് ഇംഗ്ലീഷ് ഉപയോഗിക്കാനും പരിശീലിപ്പിക്കുക.

**മുന്നൊരുക്കം**
• പഠന വർഷത്തിന്റെ തുടക്കത്തിൽ (ജൂൺ) മലയാളം, ഗണിതം, ഇംഗ്ലീഷ് വിഷയങ്ങളിൽ പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നു.
• കുട്ടികളുടെ നിലവിലുള്ള കഴിവുകളും പരിമിതികളും വിലയിരുത്തി ആവശ്യമായ പിന്തുണ നൽകുന്നതിനായി എല്ലാ മാസവും സി.പി.ടി.എ (CPTA) യോഗങ്ങൾ ചേർന്ന് ചർച്ച ചെയ്യുന്നു.
• വായന പ്രോത്സാഹിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി ആകർഷകമാക്കുകയും വായനാ സാമഗ്രികൾ (വായനാകാർഡുകൾ) തയ്യാറാക്കുകയും ചെയ്യുന്നു.
പ്രധാന പഠന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

**മലയാളം**
പ്രവർത്തന ലക്ഷ്യങ്ങൾ
വായന
• പ്രീ ടെസ്റ്റ്
• ജൂൺ
• ക്ലാസ് ലൈബ്രറി വികസനം
• അധ്യയന വർഷം മുഴുവൻ
• ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ
• ജൂൺ
മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ
• അമ്മ വായന: അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു.
• അധ്യയന വർഷം മുഴുവൻ
• വായനാകാർഡുകൾ തയ്യാറാക്കൽ
• ജൂൺ - ജൂലൈ
ലേഖനം: വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക
• പ്രവർത്തനം: ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക.
• ജൂൺ 5 പരിസ്ഥിതി ദിനം: പോസ്റ്റർ
• ജൂൺ 19 വായനാദിനം: വായനാവാരം
• ആഗസ്റ്റ് 6 ഹിരോഷിമ ദിനം: പോസ്റ്റർ
• ആഗസ്റ്റ് 9 നാഗസാക്കി ദിനം: പോസ്റ്റർ
• ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം

- സെപ്റ്റംബർ 5 അധ്യാപക ദിനം: പഴയകാല അധ്യാപകരുമായി അഭിമുഖം
- ഒക്ടോബർ 2 ഗാന്ധിജയന്തി: കുറിപ്പ് തയ്യാറാക്കൽ
- ഒക്ടോബർ 10 ദേശീയ തപാൽ ദിനം: കൂട്ടുകാരനൊരു കത്ത്
- നവംബർ 1 കേരളപ്പിറവി: പ്രസംഗം
- നവംബർ 14 ശിശുദിനം

സർഗാത്മക പ്രകടനം
- പ്രവർത്തനം: കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ (വേദി - സി പി ടി എ)
- അധ്യയന വർഷം മുഴുവൻ സി പി ടി എ

**ഗണിതം**

പ്രവർത്തന ലക്ഷ്യങ്ങൾ

ചതുരം, വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു
- പ്രീ ടെസ്റ്റ്
- കാലം: ജൂൺ
- പ്രവർത്തനം: ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു.
- ജൂൺ, ജൂലൈ

999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു
- പ്രവർത്തനം: സംഖ്യാപാറ്റേണുകൾ
- ആഗസ്റ്റ്
- പ്രവർത്തനം: നാണയങ്ങൾ, കളിനോട്ടുകൾ, പാറ്റേണുകൾ (ഗണിത ക്ലബ്ബ് )
- ആഗസ്റ്റ്

**ആഗസ്റ്റ്**

എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക
- പ്രവർത്തനം: വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ

**സെപ്റ്റംബർ**

സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക
- പ്രവർത്തനം: മനഃ കണക്കുകൾ, നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

**ഒക്ടോബർ - നവംബർ**

ഗുണന വസ്തുതകൾ നേടൽ
- പ്രവർത്തനം: മനഃ കണക്കുകൾ, മഞ്ചാടിക്കളി

**ഡിസംബർ - ജനുവരി**

ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ
- പ്രവർത്തനം: നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്

**പരിസരപഠനം**

പ്രവർത്തന ലക്ഷ്യങ്ങൾ

നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക
- പ്രവർത്തനം: സസ്യങ്ങളെ തരംതിരിക്കൽ
- കാലം: ജൂൺ, ജൂലൈ
- പ്രവർത്തനം: പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം )
- കാലം: ജൂൺ, ജൂലൈ

ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം, പ്രകൃതി സംരക്ഷണം
- പ്രവർത്തനം: മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക

- കാലം: ആഗസ്റ്റ് - സെപ്റ്റംബർ
- പ്രവർത്തനം: മഴക്കുഴി നിർമാണം
- കാലം: ആഗസ്റ്റ് - സെപ്റ്റംബർ
- പ്രവർത്തനം: വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ
- കാലം: ആഗസ്റ്റ് - സെപ്റ്റംബർ

വ്യക്തി ശുചിത്വം

- പ്രവർത്തനം: കൈ കഴുകൽ - പരിശീലനം, പോസ്റ്റർ നിർമാണം
- കാലം: സെപ്റ്റംബർ- ഒക്ടോബർ
- പ്രവർത്തനം: ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ
- കാലം: സെപ്റ്റംബർ- ഒക്ടോബർ

**ENGLISH**

AIMS & ACTIVITIES

To study alphabets

- Activity: PRE-TEST, Write simple words
- Duration: June - July

To study, write and read simple words

- Activity: Circle the word from TB and read
- Duration: August - September

Create more opportunities for English speaking in the class room

- Activity: Class room communication should be in English, like “May I drink some water?”, “May I Go to bathroom?”, “Hello.”
- Activity: “Hello, everyone.”, “Good morning.”, “Good morning everyone.”, “Good morning class.”, “Good Afternoon everyone.”, “How are you?”, “How are you all?”, “How are you today?”, “Let me take attendance” etc.

## നാലാം ക്ലാസ്

**ഗണിതം**

പഠനോപകരണ ശില്പശാല

ലക്ഷ്യം

പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനം നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക

**പ്രവർത്തനങ്ങൾ**

എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി പഠനോപകരണങ്ങൾ തയ്യാറാക്കൽ

കാലം

ഓരോ ടേമിന്റെയും തുടക്കത്തിൽ

2. ഗണിത സി പി ടി എ

**ലക്ഷ്യം**

ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്നു ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ

ഓരോ ക്ലാസിലും ഗണിത പഠനങ്ങളിലെ ഹോംവർക്കുകൾ അതാത് ദിവസങ്ങളിൽ രക്ഷിതാക്കളെ അറിയിക്കാൻ ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുന്നു
കാലം
ഓരോ ടേമിലും
3. ഗണിത മൂല
**ലക്ഷ്യം**
അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന്
**പ്രവർത്തനങ്ങൾ**
മുഴുവൻ ക്ലാസുകളിലും ഗണിത മൂലകളിൽ ഗണിത പെട്ടികൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് , etc)
കാലം
ജൂൺ - മാർച്ച്
4. ഗണിതം മധുരം
ലക്ഷ്യം
അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
പ്രവർത്തനങ്ങൾ
ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ
കാലം
ഓരോ ടെമിലും
5. യൂണിറ്റ് വിലയിരുത്തൽ
ലക്ഷ്യം
ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കൽ
പ്രവർത്തനങ്ങൾ
ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തൽ
കാലം
ജൂൺ മുതൽ മാർച്ച് വരെ
6. കളിക്കാൻ ഗണിക്കാം
ലക്ഷ്യം
ഗണിത പഠനം രസകരമാക്കൽ (ചതുഷ്‌കൃയ കൾ ലളിതമാക്കാൻ )
പ്രവർത്തനങ്ങൾ
വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ
മൂല്യനിർണയം (ഏണിയും പാമ്പും ഡയസ് കളി) സങ്ക ലനം വ്യവകലനം (കച്ചവടക്കളി )
കാലം
വർഷം മുഴുവൻ
ചുമതല
എസ് ആർ ജി,ക്ലാസ് ടീച്ചർ
7. ഒറിഗാമിയിലൂടെ പഠിക്കാം
ലക്ഷ്യം
ഗണിതശാസ്ത്ര പഠനം രസകരമാക്കൽ -കര ചലനശേഷി വികാസം
പ്രവർത്തനങ്ങൾ
ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം
കാലയളവ്
വർഷത്തിലൊരിക്കൽ
8. ഗണിത ലാബ്
ലക്ഷ്യം
ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ
പ്രവർത്തനങ്ങൾ
ഗണിത ലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ
കാലം
വർഷം മുഴുവൻ

9. ഗണിത ചുമർ
ലക്ഷ്യം
ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ
പ്രവർത്തനങ്ങൾ
ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ
കാലം
വർഷം മുഴുവൻ
10 ഗണിത ഉപകരണ ശില്പശാല
ലക്ഷ്യം
പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ
പ്രവർത്തനങ്ങൾ
പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം
കാലം
ജൂൺ-മാർച്ച്

**English**
Aim
To speak read and write English without any mistakes
Time :June to March
To check the vocabulary and writing skills of pupils

**Activities --June and july**
- Pretest
- To develop listening skill and reading skills

**Listening skills**
- Game
- Action song
- Hello English activities
- conversation
- Skit
- Stories
- use ICT

**Speaking skills**
- Identify the naming words from the picture
- Identify the action word from the picture
- Make a symbol description about picture
- Growing sentences
- Picture reading
- Self introduction
- Assembly activities
- Riddles

**August and September**
- Develop the creative speaking and writing

**Reading skills**
- Book reading
- Newspaper reading
- Find words
- Collect and read past tense
- Rhyming words
- Textbook activities
- Writing skills
- Make word web pictur
- Description

- Word chain
- Make word and sentences
- Make a riddle conversation
- Add more lines

**October and November**

- to Express thoughts feelings etc

**Reading reading**

- library book reading
- Conversation
- Ckit
- Stories
- Use ICT
- Read notice
- Develop stories

**Writing skills**

- Description
- Thought

**December and January**

- Develop the creative speaking and writing

**Reading skills**

- Library book reading
- conversation
- Skit
- Stories
- Use ICT
- Develop story
- Read diary

**February and March**

- to improve the presentation power

**Reading skills**

- Library book reading
- Conversation
- Skit stories
- Developed stories

writing skills

- Diary
- Description
- Thought

**പരിസരപഠനം**

അറിയാം അടുത്തറിയാം പരിസര പഠനം
പ്രവർത്തനം
പ്രകൃതി നടത്തം
ലക്ഷ്യം
നിരീക്ഷണ അറിവ് നിർമ്മാണം
കാലം

ആവശ്യാനുസരണം
1. പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കാൻ
2. ശാസ്ത്ര യാത്ര
ലക്ഷ്യം
ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ
കാലം
ആവശ്യാനുസരണം
1.വാനനിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ ഫ്ലോക് ലോർ ഇവ സന്ദർശികൽ
3. ഭൂപടം ഒരുക്കാം
ലക്ഷ്യം
ഭൂപടവായന  ഭൂപട രചന സൂചിക
കാലം
ആവശ്യാനുസരണം
ലക്ഷ്യം
പരിചയപ്പെടൽ സൂചിക നിർമ്മാണം കളങ്ങൾ ഉപയോഗിക്കാം
1. കേരളം ഇന്ത്യ ഭൂപട വായനാ
3. ശാസ്ത്ര വിസ്മയ ചുമർ
ലക്ഷ്യം
ശാസ്ത്ര പഠനം രസകരമാക്കാൻ
കാലം
ആവശ്യാനുസരണം
ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ
4. ശാസ്ത്രോത്സവം
ലക്ഷ്യം
ശാസ്ത്രത്തിലൂടെ പ്രയോഗം
കാലയളവ്
ആവശ്യാനുസരണം
പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം പതിപ്പ് ചാർട്ട് ആൽബം പഠനോപകരണങ്ങൾ
4. ശാസ്ത്ര മാസിക
ലക്ഷ്യം
അറിവുകളുടെ രചന
കാലം
വർഷത്തിലൊന്ന്
ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം

## മലയാളം

ലക്ഷ്യം
നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും
ആസ്വാദ്യകരവുമായ  പഠനം ഉറപ്പാക്കുക
പൊതു തത്വങ്ങൾ
1. കളികളിലൂടെയും പ്രവർത്ത നങ്ങളിലൂടെയും ഉള്ള പഠനം
2. സർ സർഗ്ഗാത്മകഥയ്ക്കും സ്വയം പഠനത്തിന് പ്രാധാന്യം
3. സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
4. സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം
5. കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക
മധുരം മലയാളം
പ്രവർത്തനം
1 ഭാഷാരപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
2. ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ
ലക്ഷ്യം
ഭാഷ പരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടുകൊണ്ടുവരൽ

കാലം
ലക്ഷ്യം നേടുന്നതു വരെ
2. വായിക്കാം വളരാം
ക്ലാസ് വായനാ,ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം
വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം
ലക്ഷ്യം
വായനശേഷി വളർത്തൽ
കാലം
വർഷം മുഴുവൻ
3. എഴുത്ത് തെളിയാം
പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ
എഴുത്തുകാരുമായി സംവദിക്കാം
സാഹിത്യകാരുമായി എഴുത്തിലൂടെ സംവദിക്കൽ
3. കണ്ടറിയാം കേട്ടറിയാം
ലക്ഷ്യം
അറിവ്
1. ഡോക്യുമെൻററിലൂടെ നേടൽ
കാലം
ആവശ്യാനുസരണം
2. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കും
4. രുചിച്ചറിയാം
ലക്ഷ്യം
നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ
കാലം
വർഷത്തിലൊന്ന്
1. ഭക്ഷ്യ മേള പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ
4. ഓർക്കാം അഭിമാനിക്കാം
ലക്ഷ്യം
സാഹിത്യകാരന്മാരെ അടുത്തറിയാൻ ഓർമ്മദിനങ്ങൾ ആചരിക്കും
കാലം
ആവശ്യാനുസരണം
1. സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ഡോക്യുമെൻററി പ്രദർശനം പുസ്തക പരിചയം ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം
5. കലാകൂട്ട്
ലക്ഷ്യം
പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ട് അറിയാം
കാലം
ആവശ്യാനുസരണം
6. പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറി
ലക്ഷ്യം
പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയും
കലകൾ
വർഷത്തിലൊന്നും
7. ഭാഷ പഠനത്തിൻറെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ പ്രദർശനം
കാലം
വർഷത്തിലൊരിക്കൽ
1. കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം
കാലം
വർഷത്തിലൊരിക്കൽ